# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 340 — 26.06.2012 ൽ മറുപടിയ്ക്ക്

## കേപ്പിന്റെ കീഴിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. എം. ഹംസ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. |
| (ബി) കേപ്പിന് കീഴിൽ പുതുതായി എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; നിലവിലുള്ള കോളേജുകൾക്കെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടോ; | (ബി) 1. കേപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ ആരംഭിക്കാൻ പോകുന്ന എഞ്ചിനീയറിംഗ് കോളേജിനു വേണ്ടി 5 ഏക്കർ സ്ഥലം കേപ്പിനു അനുവദിക്കുകയും ടി സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് തുടക്കം കുറിക്കുന്നതിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും എൻ.ഒ.സി. ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.<br>2. തൃശ്ശൂർ ജില്ലയിലെ അത്താണിയിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം കേപ്പിനു ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുത ഗതിയിൽ പുരോഗമിച്ചു വരുന്നു.<br>3. പത്തനംതിട്ട ജില്ലയിലെ ആറൻമുളയിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. നിലവിലുള്ള കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമാണ്. |

| | | | |
|---|---|---|---|
| (സി) | എ.ഐ.സി.ടി.ഇ.യുടെ നോംസ് പ്രകാര മുള്ള യോഗ്യതകളെല്ലാം കൈവ രിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കേപ്പിലെ എഞ്ചിനീയറിംഗ് അദ്ധ്യാപ കരുടെ ഒഴിവുകളെത്ര; ഇതിലേക്ക് എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തി തയ്യാറാക്കപ്പെട്ട ലിസ്റ്റിൽ നിന്നും നിയമനം നടത്താതിരിക്കുന്നത് എന്തു കൊണ്ടാണ്; | (ഡി) | 110 അദ്ധ്യാപകരുടെ ഒഴിവുകളുണ്ട്. നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | കേപ്പ് എക്സി.കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്ന അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിന് അനുമതി നൽകിയിട്ടുണ്ടോ; റാങ്ക് ലിസ്റ്റിൽ കൃത്രിമം നടത്താൻ ശ്രമിച്ച തായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ; | (ഇ) | കേപ്പ് എക്സി. കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്ന അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിൽ അനുമതി നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ കൃത്രിമം നടത്താൻ ശ്രമിച്ചെന്ന ആക്ഷേപം ഉണ്ടായിട്ടില്ല. |
| (എഫ്) | ഡയറക്ടർ ഉൾപ്പെടെ ഏതാനും ഉദ്യോഗസ്ഥർ കൂട്ടത്തോടെ ജോലി അവസാനിപ്പിക്കാനിടയായ സാഹചര്യം എന്തായിരുന്നു? | (എഫ്) | കേപ്പിന്റെ സർവ്വോന്മുഖമായ വികസനത്തിനു വേണ്ടിയാണ് ഡയറക്ടറുടെ സേവനം 02.06.2012-ലെ സർക്കാർ ഉത്തരവ് നമ്പർ 318/2012/സഹ പ്രകാരം അവസാനിപ്പിച്ചത്. തുടർന്ന് താൽക്കാലികാടിസ്ഥാനത്തിൽ നിയമി തരായ ചില ഉദ്യോഗസ്ഥർ സ്വന്തം ഇഷ്ടപ്രകാരം ജോലി അവസാനിപ്പിക്കുകയായിരുന്നു. |

**സെക്ഷൻ ഓഫീസർ**